**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 814** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് സാഹചര്യത്തിൽ വിദ്യാഭ്യാസം ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറിയത് പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വലിയ തോതിലുള്ള കൊഴിഞ്ഞുപോക്കിന് കാരണമായിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കോവിഡ് കാലഘട്ടത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ സ്കൂളുകളിൽ എത്താതെ വൻതോതിൽ കൊഴിഞ്ഞു പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറിയത് കാരണം ചില കുട്ടികൾ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിൽ വിമുഖത കാണിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് വകുപ്പിന്റെ സാമൂഹ്യ പഠന മുറികൾ, പൊതുകെട്ടിടങ്ങളിൽ വകുപ്പ് ഏറ്റെടുത്തിട്ടുള്ള മറ്റ് പഠന കേന്ദ്രങ്ങൾ എന്നിവയിലൂടെ പരമാവധി കുട്ടികളെ ക്ലാസ്സുകളിൽ പങ്കെടുപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഈ കാര്യത്തിൽ ഗോത്രസാരഥി പദ്ധതിയിലൂടെ എന്തെങ്കിലും ഇടപെടലുകൾ നടത്താൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | വിദൂര സങ്കേതങ്ങളിൽ ഉള്ള കുട്ടികളെ വാഹനം ഏർപ്പാടാക്കി സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി പദ്ധതി എന്നതിനാൽ കോവിഡ് കാലത്ത് ഇത്തരം ഇടപെടലുകൾ സാധ്യമായിട്ടില്ല. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്ന മുറയ്ക്ക് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ